# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4057 | 26.06.2013-ൽ മറുപടിയ്ക്ക്

### പഴശ്ശി പദ്ധതിക്കായി അക്വയർ ചെയ്ത സ്ഥലങ്ങൾ

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ

**ഉത്തരം**

പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പു മന്ത്രി)

എ) പഴശ്ശി ജലസേചന പദ്ധതിക്കായി ഏതെല്ലാം താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിൽ എത്ര സ്ഥലം അക്വയർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

എ) 1959 മുതൽ ആരംഭിച്ച പഴശ്ശി പദ്ധതിക്കു വേണ്ടി 1992 വരെ പ്രവർത്തിച്ചതും നിർത്തലാക്കിയതുമായ ഓഫീസുകളിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച രേഖകളുടെ വിവരങ്ങൾ കാലപ്പഴക്കത്താൽ ക്രോഡീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സമീപ വർഷങ്ങളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ, തലശ്ശേരി, തളിപറമ്പ് എന്നീ താലൂക്കുകളിലെ 44-ഓളം വില്ലേജു കളിലായി നടത്തിയ വിവര ശേഖരണത്തിൽ 2301 ഹെക്ടർ ഭൂമി പ്രസ്തുത വില്ലേജുകളിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്.

വില്ലേജുകളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | പായം | 23 | കീഴല്ലൂർ |
| 2. | പടിയൂർ | 24 | കടമ്പൂർ |
| 3 | കീഴൂർ | 25 | മാവിലായി |
| 4 | ചാവശ്ശേരി | 26 | അഞ്ചരക്കണ്ടി |
| 5 | കോളാരി | 27 | ചെമ്പിലോട് |
| 6 | പഴശ്ശി | 28 | തളിപ്പറമ്പ് |

| | | | |
|---|---|---|---|
| 7 | പടുവിലായി | 29 | ചേലേരി |
| 8 | മങ്ങാട്ടിടം | 30 | കൊളച്ചേരി |
| 9 | കൂത്തുപറമ്പ് | 31 | ആന്തൂർ |
| 10 | കോട്ടയം | 32 | മൊറാഴ |
| 11 | പിണറായി | 33 | മയ്യിൽ |
| 12 | പാട്യം | 34 | എളയാവൂർ |
| 13 | മൊകേരി | 35 | വലിയന്നൂർ |
| 14 | ചൊക്ലി | 36 | മുണ്ടേരി |
| 15 | തൃപ്പങ്ങോട്ടുകര | 37 | മാണിയൂർ |
| 16 | പന്തക്കൽ | 38 | പുഴാതി |
| 17 | പെരിങ്ങത്തൂർ | 39 | കാഞ്ഞിരോട് |
| 18 | പന്ന്യന്നൂർ | 40 | കൂടാളി |
| 19 | കോടിയേരി | 41 | മട്രേരി |
| 20 | എരുവാട്ടി | 42 | ഇരിവേരി |
| 21 | കതിരൂർ | 43 | എടക്കാട് |
| 22 | വിളമന | 44 | നാറാത്ത് |

ബി) ഇങ്ങനെ അക്വയർ ചെയ്ത സ്ഥലങ്ങളിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ നടന്നുവെന്നു വ്യക്തമാക്കുമോ ;

ബി) പദ്ധതിയുടെ ഭാഗമായി വെളിയമ്പ്ര ബാരേജും 46 കി.മീറ്ററോളം മെയിൻ കനാലും 141 കി.മീറ്റർ ശാഖാ കനാലും 180 കി.മീറ്റർ ഡിസ്ട്രിബ്യൂട്ടറികളും, ഫീൽഡ് ബോത്തികളും നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ പഴശ്ശി പദ്ധതിയുടെ ഓഫീസുകൾ, ക്വാർട്ടേഴ്സുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്.

സി) അക്വയർ ചെയ്തതിൽ എത്ര ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലായെന്നും പ്രസ്തുത സ്ഥലങ്ങൾ ഏതു വില്ലേജിലെ ഏതു സർവ്വെ നമ്പർ പ്രകാരമുള്ളവയാണെന്നും വ്യക്തമാക്കുമോ;

സി) അക്വയർ ചെയ്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടക്കാത്തവ സർവ്വെ ചെയ്ത് വേർതിരിച്ചിട്ടില്ല.

ഡി) വിവിധ ആവശ്യങ്ങൾക്കായി ഇതിൽ എത്ര ഭൂമി മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിട്ടുനൽകിയിട്ടുണ്ടെന്നും അതു സംബന്ധിച്ച ഉത്തരവുകളും ലഭ്യമാക്കുമോ;

ഡി) തലശ്ശേരി താലൂക്കിൽ ചാവശ്ശേരി വില്ലേജിൽ 0.4 ഹെക്ടർ സ്ഥലവും വെടിമരുന്ന് സൂക്ഷിപ്പ് സ്ഥലമായിരുന്ന 6.963 ഹെക്ടറും 1988ൽ കേരളാ വാട്ടർ അതോറിറ്റിക്ക് കൊടുത്തു. തലശ്ശേരി താലൂക്കിൽ കൊളാരി വില്ലേജിൽ 21.9503 ഹെക്ടർ സ്ഥലവും ചാവശ്ശേരി വില്ലേജിൽ 48.9537 ഹെക്ടർ സ്ഥലവും ആദിവാസി പുനരധിവാസത്തിനു വേണ്ടി വിട്ടു കൊടുത്തു. (ഗവ.ഉത്തരവ് എം.എസ്. 518/2001/റവന്യൂ, തീയതി 07.12.2001). പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇ) മട്ടന്നൂർ മിനി സിവിൽസ്റ്റേഷന് വേണ്ടി തലശ്ശേരി താലൂക്കിലെ കോളാരി വില്ലേജിൽ പഴശ്ശി പ്രോജക്ടിനു വേണ്ടി ഏറ്റെടുത്ത് ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം വിട്ടുതരണമെന്ന് ആവശ്യപ്പെട്ട് മട്ടന്നൂർ എം.എൽ.എ. നിവേദനം നൽകിയത് എന്നായിരുന്നു ;

ഇ) 31.10.2011 നാണ് മട്ടന്നൂർ എം.എൽ.എ നിവേദനം നല്കിയത്.

| | | | |
|---|---|---|---|
| എഫ്) | പ്രസ്തുത നിവേദന പ്രകാരം ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് പ്രോജക്ട് - I ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കുകയുണ്ടായോ; | എഫ്) & ജി) | റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല. അന്വേഷണത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് ഇത് സംബന്ധിച്ച് ശുപാർശകൾ നാളിതുവരെ നല്കിയിട്ടില്ലായെന്ന് അറിയാൻ കഴിഞ്ഞു. സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് നടപടി ത്വരിതപ്പെടുത്തുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ജി) | ഇല്ലായെങ്കിൽ, റിപ്പോർട്ട് നൽകാത്ത പഴശ്ശി പ്രോജക്ട് ഉദ്യോഗസ്ഥൻമാരോട് വിശദീകരണം ചോദി ക്കുവാനും റിപ്പോർട്ട് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ